ഫോൺ :0483–2751874
0483–2751571
ഫാക്സ് :0483–2751874
**കേരള ആയുർവേദ പഠന ഗവേഷണ സൊസൈറ്റി**
**കോട്ടക്കൽ , പി. ഒ. എടരിക്കോട് – 676 501, മലപ്പുറം ജില്ല, കേരളം**
**1860 ലെ സൊസൈറ്റി രജിസ്ട്രേഷൻ നിയമ പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടത്**
**രജി നം.S.60 of 1975**
**ISO 9001:2008 അംഗീകൃത സ്ഥാപനം, ആദായനികുതി 80(5)(Vi)അംഗീകൃത സ്ഥാപനം**
*email : ceokasrs@gmail.com,edkasrs@gmail.com www.kottakkalayurvedacollege.ac.in*

ഫയൽ നമ്പർ **:** ഇ **4-2604/2016/**കെ. എ .എസ്.ആർ .എസ് തീയ്യതി : 18/01/2018

## ലേല /ക്വട്ടേഷൻ നോട്ടീസ്

കോട്ടക്കൽ കേരളാ ആയുർവേദ പഠന ഗവേഷണ സൊസൈറ്റി ഓഫീസിലെ കാർ KL 55 J 1151 ടാറ്റാ ഇൻഡിഗോ ECS കാർ (2011 മോഡൽ ) ഇപ്പോൾ നിലവിലുള്ള അവസ്ഥയിൽ **06/02/2018** ന് **3.00Pm** .മണിക്ക് ലേലം / ക്വട്ടേഷൻ മുഖേന വിൽക്കുന്നതാണ്.

1. സീൽ ചെയ്ത ക്വട്ടേഷനുകൾ **01/02/2018** ന് **3.00Pm** മണി വരെ സ്വീകരിക്കുന്നതായിരിക്കും.
2. ക്വട്ടേഷനുകളോടൊപ്പം 1,800/- (ആയിരത്തി എണ്ണൂറ് രൂപ മാത്രം ) രൂപയോ, ക്വാട്ട് ചെയ്യുന്ന തുകയുടെ 1% തുകയോ ഏതാണോ അധികമായത് നിരതദ്രവ്യമായി , " ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കെ. എ .എസ്.ആർ.എസ്, കോട്ടക്കൽ" എന്ന പേരിൽ കോട്ടക്കലിൽ മാറാവുന്ന ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കിൻറെ ഡി.ഡി. അടക്കം ചെയ്യേണ്ടതാണ്.
3. **06/02/2018** ന **3.00PM** മണിക്ക് കാർ പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതാണ്.
4. ലേലത്തിൽ പങ്കെടുക്കുന്നതവർ നിരതദ്രവ്യമായി 1,800/- രൂപ കെട്ടി വെക്കേണ്ടതാണ്.
5. ഏറ്റവും കൂടുതൽ തുക വിളിക്കുന്ന ആളുടെ പേരിൽ ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതും, തുടർന്ന് അപ്പോൾ സന്നിഹിതരായിരിക്കുന്നവരുടെ സാന്നിധ്യത്തിൽ ലഭിച്ച ക്വട്ടേഷനുകൾ തുറക്കുന്നതും ഏറ്റവും കൂടുതൽ തുക ക്വാട്ട് ചെയ്ത വ്യക്തിയെ കണ്ടെത്തുന്നതുമാണ്.
6. ലേലം വഴി ലഭിച്ച നിരക്കും ക്വട്ടേഷൻ വഴി ലഭിച്ച നിരക്കും പരിശോധിച്ച് ഏറ്റവും കൂടിയ നിരക്ക് ക്വാട്ട് ചെയ്ത വ്യക്തിക്ക്/സ്ഥാപനത്തിന് വിൽപ്പന അന്തിമമായി ഉറപ്പിക്കുന്നതാണ്.
7. വിൽപ്പന ഉറപ്പിച്ച ഉടനെ ലേലം/ക്വട്ടേഷൻ സംഖ്യയുടെ പകുതിയും വാറ്റ് സംഖ്യയും അടക്കേണ്ടതാണ്.
8. ബാക്കി തുക വിൽപ്പന സ്ഥിരീകരണ ഉത്തരവ് ലഭിച്ച് ഒരാഴ്ച്ചയ്ക്കകം അടവാക്കേണ്ടതാണ്.
9. മുഴുവൻ തുക അടച്ചു കഴിഞ്ഞ് ഉടമസ്ഥത മാറ്റുന്നതിന് വേണ്ട രേഖകൾ വാങ്ങിയ വ്യക്തിക്ക് നൽകുന്നതും രജിസ്ട്രേഷൻ മാറ്റൽ തുടങ്ങിയ നടപടികൾ വാങ്ങിയ വ്യക്തി സ്വന്തം ചെലവിൽ പൂർത്തീകരിക്കേണ്ടതാണ്.
10. രജിസ്ട്രേഷൻ മാറ്റിയ രേഖകൾ കെ. എ .എസ്.ആർ.എസിൽ പരിശോധനക്ക് ഹാജരാക്കുന്ന മുറക്ക് വാഹനം വിട്ടു നൽകുന്നതും നിരതദ്രവ്യം തിരിച്ച് നൽകുന്നതുമായിരിക്കും.
11. ക്വട്ടേഷൻ സമർപ്പിച്ച /ലേലത്തിൽ പങ്കെടുത്ത മറ്റുള്ളവരുടെ നിരതദ്രവ്യം വിൽപ്പന ഉറപ്പിച്ച ഉടനെ തിരിച്ച് നൽകുന്നതാണ്.
12. ക്വട്ടേഷനുകൾ കാരണം കാണിക്കാതെ നിരാകരിക്കാനും ലേലം കാരണം കാണിക്കാതെ നിർത്തിവെക്കാനും, ദുർബലപ്പെടുത്താനുമുള്ള അധികാരം എക്സിക്യൂട്ടീവ് ഡയറക്ടർ/ചീഫ് എക്സിക്യൂട്ടീവ് ആഫീസറിൽ നിക്ഷിപ്തമാണ്.
13. ലേലത്തിൻറെ കൂടുതൽ വിവരങ്ങൾ

WWW.kottakkalayurvedacollege.ac.in/WWW.malappuram.gov.in എന്നീ വെബ്സൈറ്റുകളിലും 0483-2751874, 0483-2751571 എന്നീ ഫോൺ നമ്പറുകളിൽ നേരിട്ടും കോളേജ്/ കേരള ആയുർവേദ പഠന ഗവേഷണ സൊസൈറ്റി ആപ്പീസ്/ കോളേജ് ആശുപത്രി നോട്ടീസ് ബോർഡിൽ നിന്നും അറിയാവുന്നതാണ്.

14. പ്രവർത്തി സമയങ്ങളിൽ ആപ്പീസ് സൂപ്രണ്ടിൻറെ അനുമതിയോടെ വാഹനം പരിശോധിക്കാവുന്നതാണ്.

**ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (I/C)**